"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി - ശ്രീമതി.സൗമ്യ കൈപ്പറ്റിയ 27,500/- രൂപയുടെ പിഴപ്പലിശ ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.176/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/01/2022

---

പരാമർശം:-

1. ശ്രീ.ഷാജി 19.01.2021, 03.11.2021 തീയതികളിൽ CM portal മുഖേന ബഹു .മുഖ്യമന്ത്രിക്ക് നൽകിയ പരാതികൾ (Docket nos. G210200836 & G211104162)
2. കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 14.09.2021-ലെ 4/1 നം. തീരുമാനം
3. ഗ്രാമ വികസന കമ്മീഷണറുടെ 29.12.2021 ലെ 1732/2021 - HT - 4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കോഴിക്കോട് ബ്ലോക്ക് പഞ്ചായത്തിലെ ശ്രീമതി സൗമ്യ എന്നയാൾ, 2013-2014 സാമ്പത്തിക വർഷത്തിൽ, IAY പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി എഗ്രിമെന്റ് വെക്കുകയും രണ്ട് ഗഡുക്കളായി 27,500/- രൂപ കൈപ്പറ്റുകയും ചെയ്തു. എന്നാൽ ഹൃദയ സംബന്ധമായ അസുഖം നിമിത്തം വീട് പണി തുടങ്ങിയിരുന്നില്ല. മേൽസാഹചര്യം കാണിച്ച് പലിശ ഒഴിവാക്കി കൈപ്പറ്റിയ തുക മാത്രം തിരിച്ചടക്കാനുള്ള അനുമതിക്കായി ടിയാളുടെ ഭർത്താവ് ശ്രീ.ഷാജി, ബഹു.മുഖ്യമന്ത്രിക്ക് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി, പരാമർശം (2) പ്രകാരം ടിയാൾക്ക് പിഴപ്പലിശ ഒഴിവാക്കി നൽകുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ, മാനുഷിക പരിഗണന നൽകി ടിയാളെ പിഴപ്പലിശയിൽ നിന്നും ഒഴിവാക്കുന്നതിന് അനുകൂലമായ ഉത്തരവ് നൽകണമെന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന്റെയും ഗ്രാമവികസന കമ്മീഷണറുടെ ശിപാർശയുടെയും

അടിസ്ഥാനത്തിൽ, IAY പദ്ധതി പ്രകാരം 2013-2014 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണത്തിനായി, ശ്രീമതി സൗമ്യ പി., പിലാകുന്നത്തുമേത്തൽ (ഹൗസ്), പന്തീരങ്കാവ് പി.ഒ., കോഴിക്കോട് എന്നയാൾ കൈപ്പറ്റിയ 27,500/- രൂപയിൽ നിന്നുള്ള പിഴപ്പലിശയിൽ നിന്നും ടിയാളെ ഒഴിവാക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ശ്രീ.ഷാജി/ശ്രീമതി.സൗമ്യ പി., പിലാകുന്നത്തുമേത്തൽ (ഹൗസ്), പന്തീരങ്കാവ് പി.ഒ, കോഴിക്കോട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Nisam N
Date: 24-01-2022 14:27:47
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്